കാളഹസ്തി കാസ്റ്റിംഗ്സ് എന്ന കമ്പനിയുടെ വരവോടെ കാസ്റ്റ്അയൺ പൈപ്പുകളുടെ രംഗത്ത് ആരോഗ്യപരമായ മത്സരം ഉണ്ടെന്നും അതുമൂലം കടത്തുകൂലി പൂർണ്ണമായും ഇളവു ചെയ്യാൻ ഇതര കമ്പനികൾ നിർബന്ധിതരാകുമെന്നുമാണ് ഇതിന് കാരണമായി പറഞ്ഞിരിക്കുന്നത്.

പനച്ചിക്കൽ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം

33 (1185) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി പനച്ചിക്കൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജലവിതരണ സ്കീമിനുവേണ്ടി എത്ര സെറ്റ് പമ്പുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട് ;

(ബി) ഇപ്പോൾ ദിവസവും വെള്ളം കൊടുക്കുവാൻ സാധിക്കത്തക്കവിധം വെള്ളം പമ്പു ചെയ്യുന്നുണ്ടോ ;

(സി) ഗസ്റ്റ് ഹൗസ് ടാങ്കിലേയ്ക്ക് വെള്ളം പമ്പു ചെയ്ത് ഉയർന്ന പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്ന പരിപാടി ഏതു ഘട്ടംവരെ ആയി എന്നും വ്യക്തമാക്കാമോ ;

(ഡി) ഈ വേനൽക്കാലത്ത് തന്നെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പമ്പിംഗ് മെയിനിൽ നിന്നും ടാങ്കിലേയ്ക്ക് കണക്ഷൻ കൊടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പനച്ചിക്കാട് പഞ്ചായത്തിൽ മൂന്ന് സെറ്റ് പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വേനൽകാലത്ത് എല്ലാവർക്കും ശുദ്ധജലം എത്തിക്കുന്നതിനായി ചില ക്രമീകരണങ്ങൾ ആവശ്യമാണ്. അതുകൊണ്ട് ദിവസവും ജലം നൽകുവാൻ കഴിയുകയില്ല.

(സി) ഈ പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പുതുപ്പള്ളി പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുന്നതിന് നടപടി

34 (1186) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly